# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

25.01.2018 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 848

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

**ചോദ്യം**
**ശ്രീ.എൽദോ എബ്രഹാം**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക
സമുദായ ക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആയവനയിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട്, ഏനാനല്ലൂർ വില്ലേജിൽപ്പെട്ട 12 ഏക്കർ 9 1/2 സെന്റ് സ്ഥലം മിച്ച ഭൂമിയായി ഏറ്റെടുത്തത് റവന്യൂ വകുപ്പിന്റെ കൈവശമുണ്ട്. പ്രസ്തുത ഭൂമി എം.ആർ.എസ് തുടങ്ങുന്നതിന് അനുയോജ്യമായതിനാൽ അത് പട്ടികജാതി വികസന വകുപ്പിന് വിട്ടുതരുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കാട്ടാംകോട്ടയിൽ ഐപ്പ് മത്തായി എന്നൊരാൾ ടി സ്ഥലവുമായി ബന്ധപ്പെട്ട് നൽകിയ കേസ് നിലനിൽക്കുന്നതിനാൽ തുടർ നടപടികളുണ്ടായിട്ടില്ല.<br>ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എം.ആർ.എസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ഇത് സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ